Santhigiri

# ഉമ്മിണിതങ്കം

VOL 05 | ISSUE 39 | 2019 സെപ്റ്റംബർ 29 | 1195 കന്നി 13

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

### ഗുരുവാണി

"താമര വളരുന്നത് ചെളിയിലാണ്. ശുദ്ധമായതിൽ നിന്ന് മറ്റൊന്നുണ്ടാവുകയില്ല. അതങ്ങ് ലയിച്ചു പോവുകയേയുള്ളൂ. അതിനെ എടുത്ത് പ്രയോഗിക്കാനാവില്ല. ലോകത്തിന്റെ ആദിമുതലേയുള്ള സൃഷ്ടിവിശേഷമിതാണ്."



*ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ച് ദർശന മന്ദിരം തിരിതെളിയിക്കൽ ചടങ്ങിൽ നിന്ന്*

# പാമ്പാടി ആശ്രമം ദർശന മന്ദിരത്തിന് അഭിവന്ദ്യ ശിഷ്യപൂജിത തിരിതെളിയിച്ചു

## പുതിയ പ്രാർത്ഥനാലയത്തിന് ശിലാന്യാസം നടത്തി

**പാമ്പാടി:** അഖണ്ഡനാമജപത്താൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ചിലെ ദർശന മന്ദിരത്തിന് അഭിവന്ദ്യ ശിഷ്യപൂജിത തിരിതെളിയിച്ച് ഗുരുവിന്റെ ചിത്രം പ്രതിഷ്ഠിച്ചു. സെപ്റ്റംബർ 26ന് 11.30 നാണ് സമർപ്പണം നടന്നത്. തുടർന്ന് ദർശനമന്ദിരത്തിലിരുന്ന് അഭിവന്ദ്യ ശിഷ്യപൂജിത പ്രഭാഷണം നടത്തി. 11.45ന് പുതിയ പ്രാർത്ഥനാലയത്തിന് അഭിവന്ദ്യ ശിഷ്യപൂജിത ശിലാന്യാസം നടത്തി. ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചാണ് പാമ്പാടിയിലെ ദർശന മന്ദിരത്തിന്റെ ഉദ്ഘാടനം നടന്നത്. രാവിലെ മുതൽ വൻ ജനാവലിയാണ് ഈ ചടങ്ങുകൾക്ക് സാക്ഷ്യം വഹിക്കാനെത്തിയത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ആയിരക്കണക്കിന് ആത്മബന്ധുക്കൾ സംബന്ധിച്ചു. തോമസ് ചാഴിക്കാടൻ എം.പി. ഉൾപ്പെടെയുള്ള വിശിഷ്ട വ്യക്തികൾ ആശ്രമം ബ്രാഞ്ച് സന്ദർശിച്ചു.അവിടത്തെ വിവിധ വികസന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചു.

ആശ്രമം ബ്രാഞ്ചിനോടനുബന്ധിച്ച് വിവിധ സ്ഥാപനങ്ങളും ആരോഗ്യകേന്ദ്രങ്ങളും പ്രവർത്തിക്കും. ഉച്ചക്ക് 12ന് ആരാധനയും ഗുരുപൂജയും നടന്നു. തുടർന്ന് ശിഷ്യപൂജിത ദർശനം നൽകി. വൈകുന്നേരം 6.15ന് നൂറുകണക്കിന് ഗുരുഭക്തർ പങ്കെടുത്ത ദീപപ്രദക്ഷിണം നടന്നു.

സെപ്റ്റംബർ 25ന് രാവിലെ 5.30ന് ആശ്രമത്തിൽ നിന്നും യാത്ര തിരിച്ച അഭിവന്ദ്യ ശിഷ്യപൂജിത 9 മണിയോടെ പാമ്പാടി ബ്രാഞ്ചിലെത്തിച്ചേർന്നു. സന്ന്യാസി സന്ന്യാസിനിമാരുടെ നേതൃത്വത്തിൽ പൂർണ്ണകുംഭം നൽകി പ്രാർത്ഥനാലയത്തിലേക്ക് സ്വീകരിച്ചു. കനത്ത മഴയെ വകവയ്ക്കാതെ പൗരപ്രമുഖരും ജനപ്രതിനിധികളും ആത്മബന്ധുക്കളും വരവേൽപ്പ് നൽകാനായി എത്തിയിരുന്നു. 11 വർഷത്തെ ഇടവേളക്ക് ശേഷമാണ് അഭിവന്ദ്യ ശിഷ്യപൂജിത ആശ്രമം ബ്രാഞ്ചിലെത്തിയത്. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവരുൾപ്പെടെയുള്ള യാത്രാസംഘം അഭിവന്ദ്യ ശിഷ്യപൂജിതയെ അനുഗമിച്ചു. അന്ന് വൈകുന്നേരം 6 മണിക്ക് ശേഷം പാമ്പാടിയിലുള്ള ഡോ.പി.എൻ.മോഹനന്റെ 'കരുണമന്ദിരം' ഭവനം സന്ദർശിച്ചു.

സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി, സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി, സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി തുടങ്ങി സന്ന്യാസിമാരുടെ നേതൃത്വത്തിലാണ് ചുരുങ്ങിയ സമയംകൊണ്ട് ദർശനമന്ദിരം സമർപ്പണത്തിനായുള്ള സജ്ജീകരണങ്ങൾ നടത്തിയത്. സെപ്റ്റംബർ 27ന് രാവിലെ 9 മണിയോടെ അഭിവന്ദ്യ ശിഷ്യപൂജിത ആശ്രമത്തിൽ തിരിച്ചെത്തി.



*ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ചിലെ പുതിയ പ്രാർത്ഥനാലയത്തിന്റെ ശിലാന്യാസ ചടങ്ങിൽ നിന്ന്*

# സന്ന്യാസദീക്ഷാ വാർഷികം ഒക്ടോബർ 8ന്

## സങ്കല്പ പ്രാർത്ഥന ഇന്നു മുതൽ

**സ്പിരിചൽ സോൺ :** ഗുരു ആദ്യമായി സന്ന്യാസദീക്ഷ നൽകിയതിന്റെ 35-ാം വാഷികം പ്രാർത്ഥനയ്ക്ക് പ്രാധാന്യം നൽകി ഭക്തിനിർഭരമായി ഒക്ടോബർ 8ന് ശാന്തിഗിരി ആശ്രമത്തിൽ ആഘോഷിക്കും. സന്ന്യാസദീക്ഷാ വാഷികത്തോടനുബന്ധിച്ചുള്ള 10 ദിവസത്തെ വ്രതസങ്കല്പങ്ങൾ സെപ്റ്റംബർ 29 മുതൽ ആരംഭിക്കും. രാവിലെയും വൈകുന്നേരവും ആരാധനയ്ക്കുശേഷം പ്രത്യേക പ്രാർത്ഥന ഉണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 7ന് വൈകുന്നേരം 7.30ന് സത്സംഗം നടക്കും.

ഈ വർഷത്തെ വാർഷികം വളരെ ലളിതമായാണ് ആഘോഷിക്കുന്നത്. സന്ന്യാസിമാർക്ക് പ്രത്യേകമായി നൽകുന്ന ആഹാര വിതരണം, ഉപഹാരങ്ങൾ എന്നിവ ഇത്തവണ ഒഴിവാക്കിയിട്ടുണ്ട്. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിലെ 12 യൂണിറ്റുകളിലെ ആത്മബന്ധുക്കൾ എല്ലാ ദിവസവും വൈകുന്നേരം നടക്കുന്ന പ്രാർത്ഥനയിൽ പങ്കെടുക്കും.

# ഗുരുവാണി

അനുഭവം എന്ന വാക്കിനു വളരെ വലിയ അർത്ഥവ്യാപ്തിയുണ്ട്. മാടനെ വച്ചു തമ്പുരാനേ എന്നു വിളിക്കുന്നതു മുതലുള്ള അനുഭവത്തിന്റെ അറിവ് നമ്മുടെ ഇടയിലുണ്ട്. മാടനെയോ അതുപോലുള്ള മറ്റേതെങ്കിലും മൂർത്തികളെയോ ദേവന്റെ സ്ഥാനം കൽപിച്ചു തമ്പുരാനേ എന്നു വിളിച്ചാൽ അങ്ങനെ ചെയ്യുന്നവൻ ഒരിക്കലും ദേവന്റെ സ്ഥാനത്തെത്തുകയില്ല. മാത്രമല്ല, പിശാചിനു തുല്യം ആടിക്കുഴഞ്ഞ് പൂജയും ആരാധനയും കടുപ്പിച്ചു ചെയ്യുന്നവനു ചില പ്രത്യക്ഷാനുഭവങ്ങളുംആളുകളെ അന്ധാളിപ്പിച്ച് അന്ധതയിലേക്കു നയിക്കാൻ പോന്ന ചില സിദ്ധിവിശേഷങ്ങളും പ്രാപ്തമാകുമെങ്കിലും അവന്റെ ജീവൻ, വിശ്വാസമില്ലെന്നു പറയുന്നത് ഒരു അന്തസ്സായി കരുതുന്ന അവിശ്വാസിയുടെതിനേക്കാൾ നീചമായിപ്പോവുകയും ചെയ്യും. ഇത് എന്റെ വിശ്വാസത്തിൽ ഏറ്റവും വലിയ തെളിവായി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. വേറൊരുതരം ഭക്തിയുള്ള ആളുകളുമുണ്ട്. ധനത്തിനും കാര്യസാധ്യത്തിനും വേണ്ടി നേർച്ചകാഴ്ചകളും കെട്ടിത്തുള്ളലും നടത്തുകയും ആനയെവാങ്ങി നടക്കിരുത്തുകയും  കുതിരയെടുപ്പു നടത്തുകയും പാഠകവും ഹരികഥയും കഥാപ്രസംഗവും നടത്തിക്കുകയും ചെയ്യുന്ന കൂട്ടർ.  ഇനിയൊരു കൂട്ടം ഭക്തൻമാരുമുണ്ട്. ഭക്തിമൂത്തു ചില ചില്ലറ ദർശനങ്ങൾ വന്നിട്ട് അതു പിന്നെ വർദ്ധിക്കുമ്പോൾ കുടുംബത്തിൽ ചത്തൊതുങ്ങി നിൽക്കുന്ന യോഗീശ്വരൻ, മന്ത്രമൂർത്തി, ഭദ്രകാളി അങ്ങനെ ഏതെങ്കിലുമൊന്നു ശക്തമായി നിന്നിട്ട് അവന്റെ മരണകാലം വരെ എന്തെങ്കിലുമൊക്കെ ചെയ്ത് ആളുകളെ വിശ്വസിപ്പിക്കുന്നവർ. അവനെപ്പിന്നെ വീട്ടുകാർ ഇഷ്ടമന്ത്രമൂർത്തിയായിട്ടോ ഇഷ്ടയോഗീശ്വരനായിട്ടോ മാറ്റി കുലദൈവമാക്കുന്ന ഇത്തരം ആചാരങ്ങൾ നിമിത്തം ആ കുടുംബം തന്നെ ഒന്നു രണ്ടു തലമുറകൾക്കു ശേഷം അലഞ്ഞു പാപ്പരായിപ്പോകും. മാത്രമല്ല, മഹാപാപത്തിന് അടിമപ്പെടുക കൂടി ചെയ്യും. ഇങ്ങനെ എഴുതി വെളിപ്പെടുത്തുന്നതിനു കാരണമുണ്ട്. പാപപരിഹാരാർത്ഥം എന്റെ അടുത്തുവരുന്ന ഇത്തരം അനേകായിരം കുടുംബങ്ങളിൽ തൊണ്ണൂറ്റിഒൻപതു ശതമാനത്തിന്റെ പാപശക്തി തീർത്തെടുക്കാനേ സാധിക്കുന്നുള്ളൂ. ബാക്കി വരുന്ന ചില കേസുകളുടെ പാപശക്തി തീർത്തെടുക്കാൻ കഴിയാത്തതായിട്ടുള്ളത് മഹാരോഗത്തിൽവെച്ച് ഏറ്റവും വലുതോ ഒരിക്കലും തീരാത്ത 'കിരിയ' സ്വഭാവത്തിൽ ഭ്രാന്തു പിടിച്ചതോ ആണ്. അത് ഒരിക്കലും തീരാത്തതും കുടുംബത്തിൽ പാരമ്പര്യമായിട്ടുള്ളതും ആണ്.

ഇങ്ങനെയങ്ങു പറഞ്ഞുപോയാൽ യഥാർത്ഥമായത് എന്തെങ്കിലുമുണ്ടോ എന്നു ചിന്തിച്ചുപോകും. ഉണ്ട്. മുമ്പ് സൂചിപ്പിച്ചതിന്റെ വ്യാപ്തിയിൽ നിന്നൊക്കെ കവിഞ്ഞു നിൽക്കുന്ന ഈശ്വരനുണ്ട്. അമ്പലത്തിലോ നിർമ്മാല്യോപാധിയിലോ ഒതുങ്ങാത്ത ഈശ്വരൻ. ജീവിതകാലം മുഴുവൻ സത്യസന്ധത പുലർത്തി, ബ്രഹ്മരക്ഷസ്സിന്റെ സ്ഥാനത്തെങ്കിലുമെത്താൻ സാധിച്ചിട്ടുള്ള ത്യാഗികളായ മഹാത്മാക്കളെപ്പോലുള്ള ചില പിതൃക്കൾ ചില കുടുംബങ്ങളിൽ ഉണ്ട്. അങ്ങനെയുള്ള പിതൃക്കൾ നിൽക്കുന്ന രാശിയിൽ പിൽക്കാലങ്ങളിൽ ചില കുട്ടികൾ ആ കുടുംബത്തിൽ ജനിക്കും. ആ കുട്ടി ഒരു പക്ഷേ ആത്മജ്ഞാനിയായില്ലെങ്കിൽത്തന്നെയും മേൽപ്പറഞ്ഞമാതിരിയുള്ള വച്ചുകെട്ടുകളെ സൂക്ഷിക്കാതെ സൽക്കർമങ്ങൾ ചെയ്ത് ആ പിതൃക്കളെ മുക്തിപ്പെടുത്താനുള്ള പക്വതയാർജ്ജിച്ചവനായിരിക്കും. അത് പെണ്ണായിരുന്നാൽ കുറെയേറെ നന്മയുണ്ടായിരിക്കും. പെണ്ണാണെങ്കിൽ മുക്തികൊടുക്കുന്ന കർമത്തിൽ അവളെയൊന്നു സഹായിക്കണമെന്നേയുള്ളൂ. ഇങ്ങനെ മുക്തിപ്രാപിക്കുന്ന പിതൃക്കൾക്ക് ചില പെണ്ണിനോ ആണിനോ ദർശനവശത്തുള്ള ചില വഴികൾ കാണിച്ചു കൊടുത്ത് ഒരു നല്ല ഭക്തനോ ജ്ഞാനിയോ ആക്കിത്തീർക്കാൻ കഴിയും. അല്ലാത്തപക്ഷം യോഗഭ്രഷ്ടൻ, ധനാഢ്യൻ എന്നീ നിലകളിലെങ്കിലും ആക്കിത്തീർക്കും. ഇതിനെക്കാളെല്ലാം ഉത്തമമായ മാർഗം ഒരു ജ്ഞാനിയായ ഗുരുവെ കണ്ടെത്തുക എന്നുള്ളതാണ്. ഗുരുവെ കണ്ടെത്തിയാൽ അവന്റെ ജീവന്റെ ഭാഗ്യത്തോളമെങ്കിലും ആത്മസുകൃതം നേടാൻഇടയാകും. ഇപ്പറഞ്ഞ കാര്യങ്ങളൊക്കെ ആത്മജ്ഞാനികളല്ലാത്തവർക്ക് ഒരു പക്ഷേ നിഷേധാത്മകമായിത്തോന്നാം. അതുകൊണ്ട് ഈ സുദിനം ജനങ്ങൾക്ക് ഒരു നല്ല മാർഗത്തിനു വേണ്ടിയുള്ള ആശയം തെളിഞ്ഞുകിട്ടാൻ ഉതകുന്നതാകട്ടെ എന്ന് ആഗ്രഹിക്കുന്നു.

## വചനദീപ്തി

*'എനിക്ക് അറിവില്ല, എന്ന തിരിച്ചറിവ് മാത്രമാണ് എനിക്കുള്ള അറിവ്.'*

**സോക്രട്ടീസ്**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

**5.10.2019 – ജ്യോതിപുരം, കരുണപുരം**

## യാമപ്രാർത്ഥന

2019 ഒക്ടോബർ 3 : 3 AM - 6 AM

# ഗുരു ആരാണെന്ന അറിവ്

**പ്രകാശപഥം**

ഞാൻ ഗുരുവിന്റെ വീട്ടിൽ നിന്നപ്പോൾ എന്നോടു ഒരു കുട്ടി കരഞ്ഞുകൊണ്ടു വന്നു പറഞ്ഞ ഒരു കാര്യം ഞാൻ ഒന്ന് ഓർമ്മപ്പെടുത്താം. അനേകസ്വഭാവത്തിൽ ഗുരു അവിടെ പശുക്കളെ വളർത്തുന്നു. പശുവിനെ കൊണ്ടു നടക്കുന്നു. പിന്നെ ഗുരുവിന്റെ വസ്ത്രം കൈലിയുടെ രൂപത്തിലും, ചാക്കിന്റെ രൂപത്തിലും അങ്ങനെ അനവധി വസ്ത്രധാരണ സ്വഭാവത്തിലും കൗപീനധാരിയായിട്ടും അങ്ങനെ ഗുരുവിന്റെ അനവധി ജന്മങ്ങൾ തന്നെ ആ അന്തരീക്ഷത്തിൽ, ആ കൊച്ചിനു പറയാൻ അറിയത്തില്ല.  അതു കാണുന്ന അന്തരീക്ഷത്തിൽക്കൂടി ഗുരുവിന്റെ പല വർണ്ണത്തിലുള്ള രൂപങ്ങൾ ഓടുകയാണ്.

ആ കുട്ടി എന്നോട് ഇതു പറയുമ്പോൾ തന്നെ വിങ്ങി വിങ്ങി കരയുകയാണ്. കാരണം എത്രയെന്ന് അതിന് എണ്ണാൻ സാധിക്കാത്ത വിധം ഗുരു കാണിച്ചുകൊടുക്കുന്നു, ആ മഹിമ. കാരണം ഞാൻ ആരാണ്? എന്റെ ഗുരു എന്താണ്? എന്റെ ഗുരു എന്തൊക്കെ ചെയ്തിരുന്നു? ഏത് യുഗത്തിലാണ് തന്റെ ഗുരു അങ്ങനെ ചെയ്തിരുന്നത് എന്ന് കാണുകയാണ്. ആ കുട്ടി എന്നോട് ചോദിക്കുകയാണ്, ഇത്രയും പശുക്കളെ എങ്ങനെയാണ് ഗുരു ഒരുമിച്ച് കൊണ്ടുപോകുന്നതെന്ന്? അതൊന്നു ചിന്തിച്ചു നോക്കിയേ. നമ്മൾ നമ്മളോട് തന്നെ ചോദിക്ക്. അതാണ് "ഞാൻ എല്ലാവരിലും എല്ലാമായിട്ട് പ്രവർത്തിക്കും". ഞാൻ തന്നെയായിരിക്കും ഇതിന്റെ സർവ്വസ്വവും  എല്ലാക്കാലവും പ്രവർത്തിക്കുന്നതെന്ന്" പറയുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമായ ഒരു രൂപമാണ് ആ കുട്ടിയിൽ കാണിച്ചുകൊടുത്തത്. അതാണ് 'എല്ലാകാലവും ഞാൻ തന്നെ ഭരിക്കും' എന്നവാക്ക്. 'അത് എന്റേതായിട്ടല്ല അറിയിപ്പ് കിട്ടുന്നതിന് അനുസരിച്ചായിരിക്കും പ്രവർത്തിക്കുന്നത്' എന്നു പറയുന്നതിന്റെ ഏറ്റവും മഹനീയമായ ആ പ്രകാശരൂപത്തിന്റെ പ്രതിസ്ഫുരണമായ "പ്രത്യക്ഷാവഹം ധർമം" എന്ന നിലയിൽ സൂക്ഷ്മീകരിച്ച് ബ്രഹ്മം ഗുരുവിന്റെ ആ സ്വരൂപത്തെ ഈ അന്തരീക്ഷമഹിമയിൽ അല്ലെങ്കിൽ ഈ അന്തരീക്ഷം മൊത്തവും നിർത്തിയിരിക്കുന്ന ഒരു ഭാഗമാണ് ആ കുട്ടി കണ്ടത്.

അവിടെ നിന്നും നാം, ഗുരു ആര്? ഇപ്പോൾ എന്ത്? കഴിഞ്ഞുപോയതെന്ത്? ഇനി വരാനിരിക്കുന്ന ഈ പരമ്പരയുടെ മഹത്വത്തെപ്പറ്റി ചിന്തിച്ചിട്ട്  നാം അനുഭവിച്ചില്ലെങ്കിലും ആ അനുഭവം നമ്മുടെ സ്വത്തായിക്കണ്ടിട്ട്, എനിക്കും അന്ന് ഗുരുവിന്റെ കൂടെ ആകാൻ കഴിഞ്ഞെങ്കിൽ അല്ലെങ്കിൽ ഞാൻ ഇനി ആകും എന്നുള്ള ഭാഗത്ത് നിശ്ചയദാർഢ്യത്തോടു കൂടി നിന്ന് ഈ പരമ്പരയിൽ കർമം ചെയ്യാനും ചെയ്യിപ്പിക്കാനും ഉള്ള കഴിവും പ്രാപ്തിയും എന്റെ ഗുരു എനിക്ക് തരണം, അല്ലെങ്കിൽ ഞാൻ അത് പ്രാർത്ഥിച്ച് എന്റെ കർമത്തിന്റെ പുണ്യം കൊണ്ട് ഞാൻ അത് ആയിത്തീരും എന്ന സ്വഭാവത്തിൽ ഇതിനകത്ത് നിന്ന് വേല ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം.

ഇത് അനുഭവിച്ചറിയുന്ന ഒരു വ്യക്തിയുടെ സംതൃപ്തി എന്താണെന്ന് നിങ്ങൾ ഓരോരുത്തരും മനസിലേക്ക് കടത്തിവിടുന്ന ഒരു ചിന്തയുടെ ഓർമയിലേക്ക് ആ ഭാഗം പോകട്ടെ. നമ്മൾ ഇങ്ങനെ ഒരു കാര്യം ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നതിന്റെ ആ ഒരു സ്വഭാവത്തിൽ ഗുരു എന്താണോ നമുക്ക് തരേണ്ടത് തരണം.

ഈ ലോകം ഗുരുവിനെ അറിയണം. ഗുരു ആരാണെന്ന് അറിയണം, ഗുരു എന്തെന്ന് അറിയണം. അതിനുള്ള സകല ധർമസിദ്ധാന്തങ്ങളും ഗൃഹസ്ഥാശ്രമിയിൽക്കൂടി ഒഴുകി വരണം. അങ്ങനെ ഒരു പ്രാർത്ഥനയിൽ ഞാൻ സമർപ്പിക്കുകയാണ്.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# കാലാന്തരഗുരുമാർഗം

പഞ്ചേന്ദ്രിയങ്ങൾ, പഞ്ചഭൂതങ്ങൾ, പഞ്ചകോശങ്ങൾ എന്നിവയിലൂടെ ജ്ഞാനകോശങ്ങളുടെ കർമകാണ്ഡം തേടി പൊരുൾ തേടുന്ന കാലാന്തരഗുരുവിനു മാത്രമെ ഇതു പ്രാപിക്കാൻ കഴിയൂ. ഒന്നിനേയും നിഷേധിക്കാതെ എല്ലാത്തിലും അതാതിന്റെ മഹത്വം കൊടുത്ത്, മാന്യത കൽപിച്ച്, പൊരുളുകളെ കാണുന്ന ദീർഘകാല പരിചയം കണ്ടെത്തുന്ന യുഗധർമാനുസരിയായിരിക്കും ആ വഴികാട്ടി.

ഇങ്ങനെയുള്ള ആളെ ഏതു തരത്തിൽ നമുക്ക് മനസ്സിക്കാൻ കഴിയും? അത് തിരിച്ചറിയുകയല്ല. നമ്മുടെ ദീർഘകാലത്തെ ഭാഗ്യം കൊണ്ട് വന്നുചേരുന്നതാണ്. അതായത്, ഒരു ജീവിതം കൊണ്ട് പ്രാണി മുതൽ, പഞ്ചേന്ദ്രിയങ്ങളും പഞ്ചഭൂതങ്ങളും പഞ്ചകോശങ്ങളുമായിട്ട് ചേർന്ന് നിന്ന് പ്രവർത്തിച്ചുപോയ, സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം എന്നിങ്ങനെ നിർണയിക്കപ്പെട്ടിരിക്കുന്ന കാലത്തെയാണ് കാലദീർഘം എന്നുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. അങ്ങനെയുള്ള ഒരു മഹാത്മാവിനു മാത്രമേ ഇതു പറഞ്ഞുതരാൻ കഴിയൂ.

അക്ഷരങ്ങളേയും അതിനോടനുബന്ധിച്ച അർത്ഥങ്ങളേയും പറഞ്ഞുവരുന്ന പണ്ഡിതന്മാർ എത്രയോപേർ എത്രയോ കാലങ്ങളായി നമുക്കുണ്ട്. അതുപോലെതന്നെ ഭക്തി, യോഗം, കർമം, ജ്ഞാനം ഇവ പറഞ്ഞുപോന്നിട്ടുള്ള കാലാന്തരഗുരുക്കൻമാരുണ്ട്.  അങ്ങനെയുള്ള കാലാന്തരഗുരുക്കൻമാർ ജനിക്കുന്ന അവസരങ്ങളിൽ നമുക്ക് ജന്മം കിട്ടുകയാണെങ്കിൽ, നമ്മുടെ ജീവിതം കൊണ്ട്, കാലധർമം പ്രാപിച്ചു നിൽക്കുന്ന അനവധി ജീവാത്മാക്കളുടെ അനവധി എണ്ണത്തെ നമ്മുടെ മാംസക്കണ്ണിനാലും, അന്തർലീനമായിരിക്കുന്ന ശുദ്ധതയോടും കൂടി നമുക്കു കണ്ടെത്താൻ കഴിയും. ഈ ജീവാത്മാക്കൾ പഞ്ചേന്ദ്രിയങ്ങളിലും പഞ്ചഭൂതങ്ങളിലും എന്തൊക്കെ പ്രാപിച്ചു നിൽക്കുന്നുവെന്നും കാണിച്ചു തരും. ലക്ഷോപലക്ഷം ജനങ്ങളുടെ അനുഭവത്തിൽ വരുന്ന ലക്ഷണമൊത്തതും കാലോചിതമായ ദീർഘദർശിയിൽ നിന്നുമാണ് ആ ഭാഗ്യം കിട്ടുന്നത്. മതപണ്ഡിതന്മാർക്കും, ദേവീദേവന്മാരുടെ കാലചക്രങ്ങൾക്ക് വഴികാട്ടിയായ നമ്മുടെ മുൻഗാമിയായ ത്യാഗികൾക്കുപോലും, കാലധർമം അറിയാത്തതായതിനാൽ മുക്തിധർമം ഉതകുന്നില്ല എന്ന് പറഞ്ഞുതരുന്നവനാണ് യഥാർത്ഥ ഗുരു.

ദേവീദേവന്മാരുടെ കാലചക്രം എന്നു പറയുന്നത് ത്രേതായുഗവും ദ്വാപരയുഗവുമാണ്. ദ്വാപരയുഗത്തിന്റെ  അവസാനകാലത്തു വന്നു ജനിച്ച ആളാണ് ശ്രീകൃഷ്ണൻ. ജന്മനാ ജ്ഞാനിയായ ആ ഗീതാകാരൻ തന്നെ ഈ കാലചക്രത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതറിഞ്ഞ് വിശ്വസിച്ചുപോയിട്ടുള്ള അനവധി കർമഗതികളും നമുക്കുണ്ട്. ദ്രോണർ, ഭീഷ്മർ പോലെയുള്ളവരെ കൃഷ്ണൻ, അർജുനന്റെ ഗുരുവായി നിന്നുകൊണ്ട് പതിനെട്ടാം യുദ്ധം എന്നു പറയുന്ന കുരുക്ഷേത്രയുദ്ധം ചെയ്യിച്ചു നേടിയിരിക്കുന്നു. അങ്ങനെയുള്ള അർജുനനെക്കൊണ്ടു പോലും, ശൂദ്രവർഗ്ഗത്തിന്റെ അറിവില്ലായ്മ കൊണ്ടും, പണ്ഡിതവരേണ്യന്മാരുടെ പാണ്ഡിത്യധർമം കൊണ്ടും, ശൂദ്രനും ക്ഷത്രിയനും വൈശ്യനും ബ്രാഹ്മണനും ഒത്തു ചേർന്നു പ്രവർത്തിച്ച ആ കാലാന്തരഗുരുമാർഗത്തെ പുലർത്തി എടുപ്പിക്കാൻ കഴിഞ്ഞില്ല എന്നുപറയുമ്പോൾ നാം ആരെ പിടിക്കും? എങ്ങനെ പിടിക്കും? ഇതായിരിക്കണം നമ്മുടെ ചിന്ത.

ബുദ്ധനെപ്പോലെയും, സത്യത്തെ മാത്രം അന്വേഷിച്ചുപോയ മറ്റനവധി ഗുരുക്കന്മാരെപ്പോലെയും ആകാശധർമത്തിന്റെ സൂക്ഷ്മതയെ അറിഞ്ഞ പ്രവാചകന്മാരെപ്പോലെയും വന്നുപോയ അനവധി ഗുരുക്കന്മാരെ നമ്മൾ എടുക്കുനോക്കുമ്പോൾ അവർക്കുപോലും ഈ പൊരുൾ കണ്ടെത്താനാവാതെ മടങ്ങേണ്ടി വന്നു എന്ന കാര്യവും ഈ അവസരത്തിൽ നമ്മൾ ചിന്തിക്കണം.

# സമൂഹമാധ്യമങ്ങളിലെ അപവാദ പ്രചാരണങ്ങൾ തടയാൻ സംവിധാനം വേണം : സുപ്രീം കോടതി

**ന്യൂഡൽഹി :** സമൂഹ മാധ്യമങ്ങളുടെ നടത്തിപ്പുകാർക്കായി മാർഗരേഖ തയാറാക്കുന്നതിനെക്കുറിച്ച് മൂന്ന് ആഴ്ചയ്ക്കകം വിശദമായ സത്യവാങ്മൂലം നൽകാൻ സുപ്രീം കോടതി കേന്ദ്രസർക്കാരിനോടു നിർദേശിച്ചു. സമൂഹ മാധ്യമങ്ങളിലൂടെയുള്ള വ്യക്തിഹത്യ, വിദ്വേഷ പ്രചാരണം, ലൈംഗിക ചൂഷണം തുടങ്ങിയവയിൽ കടുത്ത ആശങ്കയുണ്ടെന്നു കോടതി വ്യക്തമാക്കി.

ഫെയ്സ്ബുക്കും വാട്സാപ്പും അപകടകരമായി ഉപയോഗിക്കുന്നുണ്ടെന്നും കേന്ദ്രം ഈ വിഷയത്തിൽ ഇടപെടണമെന്നും കോടതി നിർദ്ദേശം നൽകി. സമൂഹമാധ്യമ അക്കൗണ്ടിന് ഔദ്യോഗിക തിരിച്ചറിയൽ സംവിധാനങ്ങൾ വേണമെന്നാവശ്യപ്പെട്ട് ഹൈക്കോടതികളിലുള്ള ഹർജികൾ സുപ്രീം കോടതിയിലേക്കു മാറ്റണമെന്ന് ഫെയ്സ്ബുക്ക് നൽകിയ ഹർജിയാണ് ജസ്റ്റിസ് ദീപക് ഗുപ്ത അധ്യക്ഷനായ ബെഞ്ച് പരിഗണിച്ചത്. ഹർജി അടുത്ത മാസം 22നു വീണ്ടും പരിഗണിക്കും. സമൂഹ മാധ്യമങ്ങളിലെ പ്രചാരണങ്ങൾ ആരു തുടങ്ങി വയ്ക്കുന്നുവെന്ന് കണ്ടെത്തുക എളുപ്പമല്ലെന്ന ഹർജിക്കാരുടെ നിലപാട് കോടതി അംഗീകരിച്ചില്ല. തുടങ്ങിവയ്ക്കാൻ സാങ്കേതിക വിദ്യയുണ്ടെങ്കിൽ നിർത്താനും സംവിധാനം വേണമെന്നു കോടതി പറഞ്ഞു. പ്രചാരണം തുടങ്ങിവയ്ക്കുന്നത് ആരെന്നു കണ്ടെത്താൻ സാധിക്കാത്തവർക്കു പ്രവർത്തിക്കാനും അവകാശമില്ലെന്ന് അറ്റോർണി ജനറൽ കെ.കെ. വേണുഗോപാൽ പറഞ്ഞു.

ട്രോളുകളിലൂടെ എന്തിനാണ് വ്യാജവും കളവും പ്രചരിപ്പിച്ച് സ്വഭാവഹത്യ നടത്താൻ അവസരം നൽകുന്നത്? സർക്കാരിന് സ്വയം സംരക്ഷിക്കാനാവും, വ്യക്തികളുടെ സ്ഥിതി അതല്ല. ഭയമില്ലാതെയാണ് വ്യാജം പ്രചരിപ്പിക്കുന്നവരുടെ പെരുമാറ്റം. തന്നെക്കുറിച്ച് വ്യാജവും അപകീർത്തികരവുമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവർ ആരെന്നറിയാൻ വ്യക്തിക്ക് അധികാരമുണ്ടാവണം. അക്രമവും ബാല ലൈംഗിക ചൂഷണവും ദേശസുരക്ഷയെ ബാധിക്കുന്ന കാര്യങ്ങളും പ്രോത്സാഹിപ്പിക്കുന്നത് ആരെന്നു കണ്ടെത്താൻ കഴിയണം. രാജ്യത്ത് സോഷ്യൽ മീഡിയയിലൂടെ നടക്കുന്ന അപവാദ പ്രചാരണങ്ങളിൽ ശക്തമായ നിലപാടാണ് സുപ്രീംകോടതി എടുത്തിരിക്കുന്നത്.

# ആശ്രമത്തിനെതിരേ വ്യാജപ്രചാരണം : പോലീസ് കേസെടുത്തു

**പോത്തൻകോട് :** സമൂഹ മാധ്യമങ്ങളിലൂടെ ശാന്തിഗിരി ആശ്രമത്തേയും സന്ന്യാസി സമൂഹത്തേയും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചവർക്കെതിരേ പോലീസ് കേസെടുത്തു. അച്ചടക്കലംഘനങ്ങൾ മൂലം ആശ്രമത്തിൽ നിന്നും പിരിഞ്ഞുപോയ ചില തത്പരകക്ഷികളുടെ ഗൂഢശ്രമവും വ്യക്തിവൈരാഗ്യവുമാണ് ഇതിന് പിന്നിലുള്ളത്. ആശ്രമത്തിൽ നിന്ന് നൽകിയ പരാതിയിന്മേൽ പോലീസ് വിശദമായ അന്വേഷണം നടത്തിവരികയാണ്.

ചില ഓൺലൈൻ മാധ്യമങ്ങളെ കൂട്ടുപിടിച്ച് ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, യൂട്യൂബ് തുടങ്ങിയ നവമാധ്യമങ്ങളിലൂടെയാണ് നിരന്തരമായ അപവാദപ്രചരണങ്ങൾ നടത്തുന്നത്. ആശ്രമത്തെക്കുറിച്ച് മനഃപൂർവ്വമായ കള്ളപ്രചരണവും സന്ന്യാസിമാർക്കെതിരെ വ്യക്തിഹത്യയും നടത്തുന്നവർക്കെതിരേ സിവിലായും ക്രിമിനലായും നിയമനടപടികളുമായി മുന്നോട്ട് പോകുന്നതാണ്. പരാതിയിൽ കേസെടുത്ത് അന്വേഷണം ആരംഭിച്ചതായി പോത്തൻകോട് സർക്കിൾ ഇൻസ്പെക്ടർ പി.എസ്.സുജിത് പറഞ്ഞു.



*മെഗാറാലിയിലെ വിജയികൾ സമ്മാനം ഏറ്റുവാങ്ങുന്നു*

# സമ്മാനം ലഭിച്ചു

**എജ്യൂക്കേഷൻ സോൺ:** ജില്ലാ എക്സൈസ് വകുപ്പും ഹയർ സെക്കന്ററി നാഷണൽ സർവീസ് സ്കീമും ചേർന്ന് തിരുവനന്തപുരത്തു സംഘടിപ്പിച്ച മെഗാറാലിയിൽ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ എൻ.എസ്.എസ്. വിഭാഗം മൂന്നാം സ്ഥാനം നേടി. വഴുതക്കാട് കോട്ടൺ ഹിൽ ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച അവാർഡ്ദാന ചടങ്ങിൽ പൊതുവിദ്യാഭ്യാസ ഡയറക്റ്റർ ജീവൻ ബാബു ഐ.എ.എസിൽ നിന്നും സമ്മാനം ഏറ്റുവാങ്ങി.

# ഗുജറാത്തിൽ ശാന്തിഗിരി ആയുർവേദ വെൽനസ്സ് സെന്റർ ആരംഭിക്കുന്നു

**അഹമ്മദാബാദ് :** ഗുജറാത്തിലെ നർമ്മദ ജില്ലയിലെ ലോകപ്രശസ്തമായ ഏകതാ പ്രതിമയ്ക്ക് സമീപം ഒരുങ്ങുന്ന ആരോഗ്യവനം പദ്ധതിയുടെ ഭാഗമായി ശാന്തിഗിരി ആയുർവേദ വെൽനസ്സ് സെന്റർ ഉടൻ ആരംഭിക്കും. ഇത് സംബന്ധിച്ച ധാരണാപത്രം സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വിയും നർമ്മദ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഡെപ്യൂട്ടി കൺസെർവേറ്റർ പ്രതിക് പാണ്ഡ്യയും ചേർന്ന് ഒപ്പുവെച്ചു. നവംബർ ആദ്യവാരം പ്രവർത്തനമാരംഭിക്കും. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് നർമ്മദയിൽ എത്തിച്ചേരുന്ന അതിഥികൾക്കും സഞ്ചാരികൾക്കും ഭാരതത്തിന്റെ ചികിത്സാസമ്പ്രദായമായ ആയുർവേദത്തെ അതിന്റെ എല്ലാ നന്മയോടും പൂർണ്ണതയോടും അനുഭവമാക്കുക എന്നതാണ്



*ശാന്തിഗിരി ആയുർവേദ വെൽനസ്സ് സെന്റർ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെയ്ക്കുന്നു*

പദ്ധതിയുടെ ലക്ഷ്യം. ആരോഗ്യവനത്തിനായി തിരിച്ചിരിക്കുന്ന സ്ഥലത്ത് നിറയെ ആയുർവേദ സസ്യങ്ങൾ നട്ടുവളർത്തും. മനുഷ്യശരീരത്തിന്റെ ആകൃതിയിലാണ് ഔഷധവനം രൂപകൽപന ചെയ്യുന്നത്. സിദ്ധ, യോഗ, നാച്യുറോപ്പതി സമ്പ്രദായങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഇവിടേക്കുള്ള സന്ദർശനസമയത്ത് ആരോഗ്യവനവും ഒപ്പമുള്ള ആയുർവേദ വെൽനസ്സ് സെന്ററും സമർപ്പിക്കും



*ബിജെപി ഗുജറാത്ത് സംസ്ഥാന പ്രസിഡന്റ് ജിത്തുഭായ് വാഗ്ഹാനിയുടെ പേഴ്സണൽ സെക്രട്ടറി ഡോ.ദിനേശ് വ്യാസ് ആശ്രമം സന്ദർശിച്ചപ്പോൾ*

# ചിത്രരചനാ മത്സരത്തിൽ പങ്കെടുത്ത് ശാന്തിഗിരി വിദ്യാഭവനിലെ വിദ്യാർത്ഥികൾ

**എജ്യൂക്കേഷൻ സോൺ:** ഏകതാ പരിഷത്ത്, സംസ്ഥാന മദ്യവർജ്ജന സമിതി എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ തിരുവനന്തപുരം ഗാന്ധി ഭവനിൽ വച്ചു നടന്ന പെയിന്റിംഗ് മത്സരത്തിൽ ശാന്തിഗിരി വിദ്യാഭവൻ സെക്കന്ററി സ്കൂളിലെ വിദ്യാർഥികൾ പങ്കെടുത്തു. പരിപാടിയുടെ ഉദ്ഘാടനം തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി മേയർ രാഖി രവികുമാർനിർവ്വഹിച്ചു. ഡെപ്യൂട്ടി സ്പീക്കർ വി.ശശി



*ചിത്രരചനാ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ*

മുഖ്യാതിഥിയായി. 'ലോക സമാധാനം ലഹരിക്കെതിരേ' എന്ന വിഷയത്തിലാണ് മത്സരം നടന്നത്.

# ദിവംഗതയായി

**തിരുവനന്തപുരം :** ഗുരുധർമ്മപ്രകാശസഭ അംഗമായ ജനനി ശാന്തിപ്രഭ ജ്ഞാനതപസ്വിനിയുടെ മാതാവ് തെങ്കാശി തിരുനെൽവേലി ആയക്കുടി ശാന്തിഭവനിൽ പി.രാമലക്ഷ്മി (73) സെപ്റ്റംബർ 23ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വെച്ച് ദിവംഗതയായി. സംസ്കാരം നടന്നു. ഭർത്താവ് : പെരിയസ്വാമി. മറ്റ് മക്കൾ : മുത്തുസ്വാമി പി., സുബ്ബലക്ഷ്മി പി., ഗണേശൻ പി., കൃഷ്ണൻ പി., അളകരാജ് പി.



*പി.രാമലക്ഷ്മി*



*മുഖ്യമന്ത്രിക്ക് നിവേദനം നൽകുന്ന വിദ്യാർത്ഥികൾ*

## മുഖ്യമന്ത്രിക്ക് നിവേദനം നൽകി ശാന്തിഗിരി വിദ്യാഭവൻ

**തിരുവനന്തപുരം :** ജൈവ കാർഷിക പദ്ധതി, അക്വാപോണിക് കൃഷി, മഴവെള്ള സംഭരണപദ്ധതി ഇവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക, 'പ്ലാസ്റ്റിക് വിമുക്ത കലാലയം' എന്ന ആശയം നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം നൽകി. ആയിരം കുട്ടികൾ കൈയ്യൊപ്പ് ചാർത്തിയ നിവേദനമാണ് നിയമസഭയിൽ നേരിട്ടെത്തി വിദ്യാർത്ഥി പ്രതിനിധികൾ അദ്ദേഹത്തിന് നൽകിയത്.

കരനെൽക്കൃഷി ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളും പ്ലാസ്റ്റിക്കിനെതിരേ പ്രകൃതി സൗഹൃദ നാപ്കിൻ നിർമ്മാണ യൂണിറ്റ്, ജൈവ പേനയുടെ നിർമ്മാണം തുടങ്ങി വിവിധ പ്രവർത്തനങ്ങളും കുട്ടികളുടെ നേതൃത്വത്തിൽ സ്കൂളിൽ നടന്നുവരുന്നു. സ്കൂൾ പ്രിൻസിപ്പാൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, അദ്ധ്യാപകരായ ബിജു കുമാർ സി.ആർ., ബിന്ദു നന്ദന തുടങ്ങിയവർ നേതൃത്വം നൽകി.




# ആശ്രയ വിശ്വമാനവികതാ പുരസ്കാരം സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക്

**തിരുവനന്തപുരം :** രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് കൊട്ടാരക്കര ആശ്രയ ഫൗണ്ടേഷനും 'അനാഥരില്ലാ ഭാരതം' സംസ്ഥാനകമ്മിറ്റിയും സംയുക്തമായി ഏർപ്പെടുത്തിയ ആശ്രയ വിശ്വമാനവികതാ പുരസ്കാരം ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് ലഭിച്ചു. അമ്പതിനായിരം രൂപയും പ്രശസ്തിപത്രവും ശിൽപവുമടങ്ങുന്നതാണ് അവാർഡ്. ജാതിയുടേയും മതത്തിന്റേയും വർഗ്ഗവർണ്ണത്തിന്റേയും ദേശഭാഷകളുടേയും അതിർവരമ്പുകൾ ഭേദിച്ച് ലോകമാനവികതയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിന് ഭാരതത്തിന്റെ സനാതന സത്യങ്ങളും മൂല്യങ്ങളും സംരക്ഷിക്കുന്നതിനും നമ്മുടെ തനതായ സംസ്കാരവും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനും സ്വാമി നൽകിപ്പോരുന്ന സംഭാവനകൾ പരിഗണിച്ചാണ് അവാർഡ് നൽകുന്നത്.



*സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി*

മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ ഐ.എ.എസ്., സാഹിത്യകാരൻ ചവറ കെ. എസ്.പിള്ള, ജീവകാരുണ്യപ്രവർത്തകൻ കലയപുരം ജോസ് എന്നിവരടങ്ങുന്ന കമ്മിറ്റി ഏകകണ്ഠേനയാണ് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയെ അവാർഡിനായി തെരഞ്ഞെടുത്തത്. കാർഷികരംഗത്തും പരിസ്ഥിതിരംഗത്തും ആതുരസേവനരംഗത്തുമുള്ള സ്വാമിയുടെ സംഭാവനകളും അവാർഡ് കമ്മിറ്റി പരിഗണിക്കുകയുണ്ടായി. ഒക്ടോബർ 2 രാവിലെ 10 മണിക്ക് കൊട്ടാരക്കര കലയപുരം ആശ്രയ സങ്കേതത്തിൽ നടത്തുന്ന സമ്മേളനത്തിൽ വെച്ച് സംസ്ഥാന വനം-വന്യജീവി വകുപ്പ് മന്ത്രി അഡ്വ.കെ.രാജു സ്വാമിക്ക് അവാർഡ് സമ്മാനിക്കും.



*ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ചിൽ നടന്ന ദീപം പ്രദക്ഷിണം*

ഗുരുചരണം ശരണം

**ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ അലോപ്പതി ഒ.പി ആരംഭിച്ചിരിക്കുന്നു.**

**ഡോ. അലക്സ് ജോർജ് എം.ബി.ബി.എസ് .**
തിങ്കൾ മുതൽ ശനി വരെ
ബുക്കിംഗിന് : 8943208473

**ശാന്തിഗിരി സിദ്ധമെഡിക്കൽ കോളേജ് ഹോസ്പിറ്റൽ , ശാന്തിഗിരി പി.ഒ, പോത്തൻകോട്, തിരുവനന്തപുരം**
email : siddhahospital.santhigiri@gmail.com



*ശാന്തിഗിരി ആശ്രമം പാമ്പാടി ബ്രാഞ്ച് സന്ദർശിക്കുന്ന തോമസ് ചാഴിക്കാടൻ എം.പി.*




Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala